ഇ.ബി. XI–കേരള നിയമസഭ/V16

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2003 ഫെബ്രുവരി 27, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ശ്രദ്ധ ക്ഷണിക്കൽ

(1) തിരുവനന്തപുരം ജില്ലയിലെ തോട്ടം മേഖലയിലെ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

**ശ്രീ. പിരപ്പൻകോട് മുരളി:** തിരുവനന്തപുരം ജില്ലയിലെ തേയില തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ബുദ്ധിമുട്ടുകളെക്കുറിച്ചാണ് സഭയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നത്. വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല പഞ്ചായത്തിൽ ഉൾപ്പെടുന്നതാണ് ഈ തോട്ടങ്ങൾ. മെർക്കിസ്റ്റൺ എസ്റ്റേറ്റിലെ തൊഴിലാളികളുടെ സ്ഥിതി വളരെ ഗുരുതരമാണ്. പ്ളാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായി അവിടെ പണിയെടുക്കുന്ന തൊഴിലാളികളുടെ ശമ്പളം വെട്ടിക്കുറയ്ക്കുകയും അവരുടെ ജോലി സമയം 8 മണിക്കൂർ എന്നത് 10 മണിക്കൂറാക്കുകയും ചെയ്തു. ഡി. എൽ. ഒ. യുടെ

നേതൃത്വത്തിൽ ഇതു സംബന്ധിച്ച് കോൺഫറൻസുകൾ നടന്നുവെങ്കിലും യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. പൊൻമുടി എസ്റ്റേറ്റിൽ ഭാഗികമായി തൊഴിലുണ്ട്; അവിടെ ഔദ്യോഗികമായി ലോക്കൗട്ട് പ്രഖ്യാപിച്ചിട്ടില്ല. റിട്ടയർമെന്റ് പ്രായം കഴിഞ്ഞ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യം കൊടുക്കാത്തതുകൊണ്ട് അവർക്ക് പിരിഞ്ഞു പോകാൻ കഴിയാത്ത അവസ്ഥയാണ്. കൂടാതെ അവർക്ക് ലയത്തിൽ താമസിക്കാനുള്ള അവകാശവുമില്ല. ഗ്രാറ്റ്യുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ കൊടുത്ത് അവരെ പറഞ്ഞയക്കുകയോ, അല്ലെങ്കിൽ ലയത്തിൽ താമസിക്കാനുള്ള ഏർപ്പാടുണ്ടാക്കി ക്കൊടുക്കുകയോ ചെയ്യണം. ഇൻവർകാട് എസ്റ്റേറ്റ് 1991 മുതൽ അടച്ചിട്ടിരിക്കുകയാണ്. അവിടത്തെ സ്ഥിതിയും വളരെ ശോചനീയമാണ്. അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകണം. ബ്രൈമൂർ എസ്റ്റേറ്റിലെ തൊഴിലാളി കൾക്ക് മിനിമം കൂലി നൽകുന്ന കാര്യത്തിൽ ഇതുവരെ ഒരു നടപടിയുമുണ്ടായിട്ടില്ല. ഔദ്യോഗികമായി ലോക്കൗട്ട് ചെയ്യാത്തതുകൊണ്ട് തൊഴിലാളികൾക്ക് കിട്ടേണ്ട സൗജന്യ റേഷൻ കിട്ടാത്ത അവസ്ഥയാണ്. ബോണക്കാട് എസ്റ്റേറ്റിൽ തൊഴിലാളികളുടേയും മാനേജുമെന്റിന്റേയും ഗവൺമെന്റിന്റേയും പ്രതിനിധികളടങ്ങുന്ന സംയുക്ത മാനേജു മെന്റിന്റെ നേതൃത്വത്തിൽ പണി പുനരാരംഭിക്കാനുള്ള ശ്രമം നടത്തിയെങ്കിലും, അത് പരാജയപ്പെടുകയാണ് ചെയ്തത്. മാനുഷിക പരിഗണന നൽകി ഇവരുടെ പ്രശ്നത്തിനു പരിഹാരമുണ്ടാക്കണം. ദേവികുളത്തേയും മൂന്നാറിലേയും തോട്ടങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതുപോലെ ഈ തോട്ടങ്ങളുടെ പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ല. ലയം അടിസ്ഥാനത്തിൽ തൊഴിലാളികളുടെ കൂപ്പുകളുണ്ടാക്കി അവിടെ താൽക്കാലികമായി കൃഷിചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 'ഫുഡ് ഫോർ വർക്ക്' സ്കീമിൽപ്പെടുത്തി അവർക്ക് മുൻഗണന നൽകണം. മിനിമം കൂലി ഏർപ്പെടുത്താത്ത സ്ഥലങ്ങളിൽ അത് ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

**തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. ബാബു ദിവാകരൻ):</u>** വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് തോട്ടം മേഖലയിൽ നിലനിൽക്കുന്നത്. ബോണക്കാട് എസ്റ്റേറ്റിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മന്ത്രിതലത്തിൽ നിരവധി ചർച്ചകൾ നടന്നു. തേയിലയുടെ വിലയിൽ ഉണ്ടായ അനിശ്ചിതത്വമാണ് ആ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. തൊഴിലാളികളുടേയും മാനേജുമെന്റിന്റേയും ഗവൺമെന്റിന്റേയും പ്രതിനിധികളടങ്ങുന്ന ഒരു കമ്മിറ്റി ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിനുള്ള തീരുമാനമെടുക്കുകയും, പണം ഇൻവെസ്റ്റുചെയ്യാൻ ഗവൺമെന്റ് തന്നെ മുൻകൈയെടുക്കുകയും ചെയ്തുവെങ്കിലും കോടതി കേസുകളിൽ അറ്റാച്ചു ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വിടുതൽ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അറ്റാച്ചുമെന്റിൽ നിന്നും തോട്ടം വിടുതൽ ചെയ്തുകിട്ടുന്ന മുറയ്ക്ക് പ്രവർത്തനമാരംഭിക്കുന്നതാണ്.. അവിടത്തെ തൊഴിലാളികൾക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ നൽകി. കുറേക്കാലം ലോക്കൗട്ടിലായിരുന്ന മെർക്കിസ്റ്റൺ എസ്റ്റേറ്റ് ചർച്ചകളുടെ അടിസ്ഥാനത്തിൽ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. തൊഴിലാളികളുടെ മിനിമം വേജസുമായി ബന്ധപ്പെട്ട പ്രശ്നം ചർച്ചകളിലൂടെ പരിഹരിക്കാനുള്ള ശ്രമം തുടരുകയാണ്. മിനിമം വേതനത്തിൽ ഉണ്ടായ വർദ്ധനവ് അവർക്ക് നൽകിയില്ല എന്ന പ്രശ്നം പരിഹരിക്കാൻ ശ്രമിക്കാം. ഇൻവർകാട് എസ്റ്റേറ്റ് തുറക്കുന്നതുവരെ സൗജന്യറേഷൻ കൊടുക്കുന്ന കാര്യം പിരഗണിക്കാം. രണ്ട് എസ്റ്റേറ്റുകളുടെയും പ്രവർത്തനം ഭാഗീകമായി നടക്കുന്നുണ്ട്. തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി പ്രശ്നം ഗൗരവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഓണം സീസണിൽ ആയിരം രുപവീതം തൊഴിലാളികൾക്ക് നൽകി . സൗജന്യ റേഷനും മറ്റ് സഹായങ്ങളും നൽകി ഈ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യാൻ ഗവൺമെന്റ് നടപടി സ്വീകരിക്കും.

(2) <u>പിന്നോക്ക വിഭാഗങ്ങൾക്ക് സർക്കാർ സർവീസിൽ അർഹമായ പ്രാതിനിധ്യം ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകത.</u>

**<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>**: ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് സർക്കാർ സർവീസിൽ പിന്നോക്ക വിഭാഗങ്ങൾക്ക് വളരെയധികം പ്രാതിനിധ്യക്കുറവുണ്ട് ചട്ടങ്ങളുടെ അപാകതയും ഉള്ള ചട്ടങ്ങൾ ദുർവ്യാഖ്യാനം ചെയ്യുന്നതുമാണ് ഇതിന് കാരണം. ഒരു റാങ്ക് ലിസ്റ്റിൽനിന്ന് 20 യൂണിറ്റ് ഒരു സിസ്റ്റമായി എടുത്തുള്ള നിയമനരീതി പിന്നോക്ക വിഭാഗത്തിന് വളരെയധികം നഷ്ടം വരുത്തുന്നതുകൊണ്ട് അത് 100 യുണിറ്റാക്കണം. കെ.എസ്. ആന്റ് എസ്.എസ്.ആർ 15 (ബി) വകുപ്പ് അനുസരിച്ച് ഒരു സംവരണ സമുദായത്തിലെ

ഒരംഗവും ലിസ്റ്റിൽ ഇല്ലാതെ വന്നാൽ റിസർവേഷൻ തത്വം അനുസരിച്ച് മറ്റ് സമുദായത്തിലെ അംഗത്തിന് നിയമനം നൽകുകയാണ്. ഇതനുസരിച്ച് യഥാർത്ഥ അവകാശിക്ക് അവസരം നഷ്ടപ്പെടുന്നു. കെ.എസ്. ആന്റ് എസ് എസ്.ആർ 15 (സി) അനുസരിച്ച് ഒരു കൊല്ലം സംവരണപ്രകാരമുള്ള നിയമനം 50%-ത്തിൽ കൂടാൻ പാടില്ലായെന്നാണ്. 81-ാം ഭരണഘടന ഭേദഗതി പ്രകാരം അതാകാം എന്നു പറഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ പിന്നോക്ക സമുദായങ്ങൾക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന അവസ്ഥ തുടർന്നുകൊണ്ടിരിക്കുകയാണ്. ഉയർന്ന തസ്തികകളിൽ പിന്നോക്ക വിഭാഗങ്ങളുടെ എണ്ണം വളരെ കുറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് കെ.എസ് ആന്റ് എസ്.എസ്.ആർ 14(ബി) കർശനമായി നടപ്പിലാക്കുന്നു ണ്ടോയെന്ന് പരിശോധിക്കാൻ സ്റ്റാറ്റ്യൂട്ടറി പവർ ഉള്ള ഒരു ബോഡിയെ നിയമിക്കണം. കെ.എസ്. ആന്റ് എസ്.എസ്.ആർ പാർട്ട് 2 (ആർ) 14(സി) ഭരണഘടനയ്ക്ക് എതിരായതിനാൽ അത് റദ്ദ് ചെയ്യണം. സെലക്ഷൻ ഇയർ എന്നുള്ളത് ലിസ്റ്റിന്റെ കാലാവധിയായ മൂന്നു വർഷമായി ഭേദഗതി ചെയ്യണം.

**മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി)</u>** സർക്കാർ സർവ്വീസിൽ പിന്നോക്ക സമുദായങ്ങൾക്ക് പ്രതിനിധ്യം കൂറവാണെന്നാണ് കാണുന്നത്. അതിന് പരിഹാര

മുണ്ടാക്കാൻ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. 9-ാം കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ ഒന്നാമതു റിപ്പോർട്ടിൽ 20 ഒഴിവുകൾ ഒരു യൂണിറ്റ് എന്നത് 100 ആക്കി കണക്കാക്കണമെന്ന് ശുപാർശ ചെയ്തിരുന്നത് സംബന്ധിച്ച് പി.എസ്.സി.യിൽ നിന്നും ലഭിച്ച മറുപടി സർക്കാർ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയാണെങ്കിൽ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ പ്രായോഗിക ബുദ്ധിമുട്ട് ഇല്ലെന്നാണ് ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതുണ്ടോയെന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. Indira Sahani Vs. Union of India കേസിന്റെ വിധിയിൽ സംവരണം 50%-ത്തിൽ കൂടാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആ വ്യവസ്ഥയിൽ ഭേദഗതി വരുത്താൻ സംസ്ഥാനത്തിനു മാത്രമായി നിർവാഹമില്ല.

## സബ്മിഷൻ

(1) <u>സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സൂചനാപണിമുടക്ക്</u>

**<u>ശ്രീ. ടി.കെ. ബാലൻ:</u>** സമരത്തിനാഹ്വാനം ചെയ്ത സംഘടനകളുമായി മുഖ്യമന്ത്രി ചർച്ച ചെയ്യാമെന്നു ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ സൂചനാ പണിമുടക്ക് താൽക്കാലികമായി പിൻവലിച്ചിരിക്കുകയാണ്. 32 ദിവസം സമരം നടന്നപ്പോൾ മുഖ്യമന്ത്രി സംഘടനകളുമായി നടത്തിയ ചർച്ചയിൽ പറഞ്ഞ കാര്യങ്ങളിൽ തീരുമാനമെടുത്തിട്ടില്ല. പുതുതായി സർവ്വീസിൽ വരുന്ന ഉദ്യോഗാർത്ഥികൾക്ക് അടിസ്ഥാന ശമ്പളം മാത്രമാണ് നൽകുന്നത്. സറണ്ടർ ലീവ് ആനുകൂല്യം പുനരാരംഭി ക്കുന്നതിനെക്കുറിച്ചും ജീവനക്കാർക്കു ലഭിക്കേണ്ട ക്ഷാമബത്തയെക്കുറിച്ചും അഞ്ചുവർഷത്തിലൊരിക്കൽ ഏർപ്പെടുത്തുന്ന ശമ്പള പരിഷ്ക്കരണ നടപടികളെക്കുറിച്ചും ജീവനക്കാർക്ക് അനുകൂലമായ നിലപാട് സ്വീകരിക്കണം,

**മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി):</u>** സമരത്തിനു മുൻപു തന്നെ ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമാണ്. കഴിഞ്ഞ സമരകാലത്ത് ജീവനക്കാരുമായി നടത്തിയ ചർച്ചയിൽ അന്നത്തെ സാംപത്തികസ്ഥിതി പരിശോധിച്ചശേഷം പരിഹാര നടപടികൾ സ്വീകരിക്കാമെന്നു പറഞ്ഞ അതേ നിലപാടിൽ തന്നെ ഗവൺമെന്റ് ഉറച്ചു നിൽക്കുകയാണ്. ഒരു വർഷമാകുന്നതേയുള്ളൂ. ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി പരിശോധിച്ചതിനുശേഷം എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമോ എന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(2) <u>ക്ഷീര കർഷക പെൻഷൻ പദ്ധതി</u>

**<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:</u>** ക്ഷീരോൽപ്പാദന മേഖലയിൽ സ്വയം പര്യാപ്തത നിലനിറുത്തുന്നതിനുവേണ്ടി ക്ഷീരസംഘങ്ങളുടെ കരുതൽ നിക്ഷേപത്തുകയുടെ പലിശ പ്രധാന വിഹിതമായെടുത്തുകൊണ്ടും പത്തുവർഷം തുടർച്ചയായി പാൽ നൽകുന്ന ക്ഷീരകർഷകരിൽ നിന്ന് ഒരു വിഹിതമെടുത്തുകൊണ്ടും ബന്ധപ്പെട്ട സംഘടനകളുടെ സഹായത്തോടുകൂടി ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതി നടപ്പാക്കണം.

**കൃഷിയും കയറും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. ആർ.ഗൗരിയമ്മ):</u>** സംസ്ഥാനത്തുള്ള 3172-ഓളം ക്ഷീര സംഘങ്ങളിൽ നിന്ന് കരുതൽ ധനമായി പിരിച്ചെടുക്കേണ്ട 14 കോടി രൂപയിൽ മൂന്നരക്കോടി രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. ക്ഷീര സംഘങ്ങളിൽ പ്രവർത്തിക്കുന്ന 7 ലക്ഷത്തോളം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി സാധ്യതാപഠനത്തിന് രൂപം നൽകുകയും അതിന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

(3) <u>പാതിരാമണൽ ഒബ്റോയ് ഗ്രൂപ്പിന് നൽകാനുള്ള നീക്കം</u>

<u>ശ്രീ. പി.സി. ജോർജ്ജ്:</u> സംസ്ഥാനത്തെ ഒരു കൂട്ടം ഐ.എ.എസ്. ഉദ്യോഗസ്ഥരും പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്ന നേതാക്കളും ഗവൺമെന്റ് വക്കീലും ചേർന്ന് പുറംവാതിലിലൂടെ കോടതി വിധി സംപാദിച്ച് സംസ്ഥാനത്തെ പ്രധാനപ്പെട്ട ചില മേഖലകൾ വൻകിടക്കാർക്ക് വിറ്റു കാശാക്കുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. 1973–ൽ മിച്ചഭൂമിയായി ലഭിച്ച പാതിരാമണൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് ജോയിന്റ് വെഞ്ചറിൽ കൊടുക്കുന്നതിന് ചർച്ച നടത്തുകയും ഉത്തരവിറക്കുകയും ചെയ്തതാണ്. എന്നാൽ ഈ ഗവൺമെന്റാണ് ഗ്ലോബൽ ടെന്റർ വിളിക്കാൻ തീരുമാനമെടുത്തത്. ഗ്ലോബൽ ടെന്റർ വിളിച്ചാൽ ആ സ്ഥലം ഒബ്റോയ് ഗ്രൂപ്പിന്റെ കൈവശമാകും. സർക്കാരിന് നഷ്ടമാകും. അതിന് അനുവദിക്കരുത്. .

**ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>പ്രൊഫ. കെ.വി. തോമസ്</u>):** സംസ്ഥാന വിനോദസഞ്ചാര വകുപ്പും സ്വകാര്യ ഹോട്ടൽ ശൃംഖലകളും തമ്മിൽ സംയുക്ത പ്രോജക്ടുകൾ ആരംഭിക്കണമെന്ന് തീരുമാനിച്ചത് 1987–91 കാലഘട്ടത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റാണ്. അതിന്റെയടിസ്ഥാനത്തിലാണ് കൊച്ചി, വർക്കല, തേക്കടി, കുമരകം എന്നീ ഗവൺമെന്റ് പ്രോപ്പർട്ടികൾ ടാജ് ഗ്രൂപ്പുമായി ടി.ആർ.കെ.എൽ (ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡ്)–ൽ നിന്ന് ജോയിന്റ് വെഞ്ചറിൽ വന്നത്. അതിനെത്തുടർന്ന് 2000–ലെ എൽ.ഡി.എഫ്. ഗവൺമെന്റ് പാതിരാമണൽ പ്രോപ്പർട്ടിയിലും ഒബ്റോയ് ഗ്രൂപ്പുമായി ഒരു എഗ്രിമെന്റ് ഉണ്ടാക്കി ജോയിന്റ് വെഞ്ചറായി ഓർഡർ പുറപ്പെടുവിച്ചു. അതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ ഗവൺമെന്റ് അതിന്റെ പാട്ടം നിശ്ചയിക്കുന്നതിനുവേണ്ടി രൂപീകരിച്ച ഹൈലെവൽ കമ്മിറ്റിയുടെ റിപ്പോർട്ടാണ് ഈ ഗവൺമെന്റിന് ലഭിച്ചത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭ ചില തീരുമാനങ്ങൾ എടുക്കുകയും നിയമപരമായ വിദഗ്ദ്ധോപദേശം തേടുകയും

ചെയ്തിട്ടുണ്ട്. വിവിധ കാലഘട്ടങ്ങളിൽ മന്ത്രിസഭ എടുത്തിട്ടുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു അഫിഡവിറ്റാണ് ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റ് എടുത്ത തീരുമാനങ്ങളുടെ തുടർ ചർച്ചകളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നടന്നിട്ടുള്ളത്.

(4) <u>ഇരിഞ്ഞാലക്കുട പുല്ലൂർ കശുവണ്ടി ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത</u>

**<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>**: കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഇരിഞ്ഞാലക്കുടയിലെ പുല്ലൂർ കശുവണ്ടി ഫാക്ടറി അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിച്ച് അവിടെ പണിയെടുത്തു കൊണ്ടിരുന്ന തൊഴിലാളികളെ പട്ടിണിയിൽനിന്ന് രക്ഷിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കണം.

**വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി</u>)**: കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ ബാങ്കുകളുടെ സഹകരണത്തോടുകൂടി തുറന്നു പ്രവർത്തിപ്പിക്കണമെന്നുള്ള നിശ്ചയദാർഢ്യത്തോടുകൂടി ഗവൺമെന്റ് നടപടികൾ എടുത്തുവരുന്നുണ്ട്. ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിലെ പുല്ലൂർ കശുവണ്ടി ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി വൈകാതെ ഉണ്ടാകും.

(5) <u>ഇ.എസ്.ഐ. തൊഴിലാളികൾക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് തുക പുതുക്കി നിശ്ചയിക്കൽ</u>

**<u>ശ്രീ. വി.കെ.സി. മമ്മത്കോയ</u>**: ഇ.എസ്.ഐ. ആശുപത്രികളിൽ വേണ്ടത്ര ചികിൽസാസൗകര്യം ഇല്ലാത്തതിനാൽ പരിശോധനകൾ നടത്തുന്നതിന് തൊഴിലാളികൾക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു.

ഇത്തരത്തിലുള്ള പരിശോധനകൾക്ക് സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന ഭാരിച്ച ഫീസുകൾ കുറഞ്ഞ നിരക്കിലാണ് റീ–ഇമ്പേഴ്സ് ചെയ്യുന്നത്. തൊഴിലാളികൾക്ക് പുറത്ത് ചെലവാകുന്ന മുഴുവൻ തുകയും റീ–ഇമ്പേഴ്സ് ചെയ്ത് കിട്ടത്തക്ക വിധത്തിൽ റേറ്റ് പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണം.

**തൊഴിൽ വകുപ്പുമന്ത്രി** (**<u>ശ്രീ.ബാബു ദിവാകരൻ</u>**): തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ നടത്താൻ കഴിയാത്ത ടെസ്റ്റുകൾക്കും പുറത്തു നിന്ന് വാങ്ങുന്ന മരുന്നുകൾക്കും വില നിശ്ചയിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങുന്ന ഉത്തരവുകൾ ഉണ്ട്. 2001–ലാണ് ഇത് അവസാനമായി പുതുക്കി നിശ്ചയിച്ചത്. ആരോഗ്യ വകുപ്പും ഇ.എസ്.ഐ. യും സംയുക്തമായി ഈ കാര്യങ്ങൾ പരിശോധിച്ച് റേറ്റ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. സ്വകാര്യ ആശുപത്രികൾ തൊഴിലാളി കളിൽനിന്ന് ഈടാക്കുന്ന അമിത റേറ്റ് റീ–ഇമ്പേഴ്സ് ചെയ്തുകൊടുക്കുന്നതിന് ഇ.എസ്.ഐ. വകുപ്പിന് ബുദ്ധിമുട്ടുണ്ട്.

(6) <u>കേരള പോലീസിൽ ''സൈബർ ക്രൈം സെൽ'' രൂപീകരണം</u>

**<u>ശ്രീ.സി.പി. മുഹമ്മദ്</u>**: പോലീസിന് വേണ്ടത്ര പരിജ്ഞാനമില്ലാത്തതിന്റെ ഫലമായി ഐ.ടി.യും ഇ–കോമേഴ്സുമായും ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന സൈബർ ക്രൈമുകളിൽ പ്രതികളായവർക്കെതിരെയുള്ള കേസ്സന്വേഷണത്തിൽ പാളിച്ചകളുണ്ടായിട്ടുള്ള സാഹചര്യത്തിൽ കമ്പ്യൂട്ടർ വിദഗ്ദ്ധർ ഉൾക്കൊള്ളുന്ന ഒരു ''സൈബർ ക്രൈം സെൽ'' കേരളത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (<u>ശ്രീ.എ.കെ.ആന്റണി</u>)**: ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനവ്യാപകമായി അധികാരപരിധിയുള്ള ഒരു ''സൈബർ ക്രൈം സെൽ'' തിരുവനന്തപുരമോ കൊച്ചിയോ ആസ്ഥാനമാക്കി ആരംഭിക്കുന്നതിനും ഒരു ഡി.ഐ.ജി.യുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഡിവൈ.എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് സ്റ്റേഷൻ ഹൗസ് പ്രവർത്തിപ്പിക്കുന്നതിനുമുള്ള ഒരു നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. അതിന്റെ തുടർ നടപടികൾ നടന്നുവരികയാണ്.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 17-ാമത് റിപ്പോർട്ട് സമർപ്പിച്ചു.

## പ്രത്യേക പരാമർശം

<u>ശ്രീ.കെ. രാധാകൃഷ്ണൻ, എം.എൽ.എ.യുടെ നിരാഹാരസത്യാഗ്രഹം</u>

**പ്രതിപക്ഷ നേതാവ് (<u>ശ്രീ.വി.എസ്.അച്ചുതാനന്ദൻ</u>)**: പ്രതിപക്ഷ ചീഫ് വിപ്പ് ശ്രീ.കെ. രാധാകൃഷ്ണൻ നിയമസഭാ കവാടത്തിനു മുമ്പിൽ നിരാഹാരസത്യാഗ്രഹം ആരംഭിച്ചിട്ട് മൂന്നു ദിവസമായി. അദ്ദേഹം വളരെ ക്ഷീണിതനാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റ് സീരിയസ്സായിട്ട് ആലോചിച്ച് തീരുമാനമെടുക്കാത്തതിൽ പ്രതിപക്ഷത്തിന് ആശങ്കയുണ്ട്.

.................(ബഹളം).........................

(പ്രതിപക്ഷ നേതാവ് സംസാരിക്കവേ സഭാ രേഖകളിൽനിന്നു നീക്കംചെയ്ത വാക്കുകൾ ആവർത്തിക്കപ്പെട്ടതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ സംസാരം തുടരാൻ അനുവദിച്ചില്ല.)

**മി. സ്പീക്കർ:** ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെയും ചെയർ നൽകിയ സൗജന്യത്തിന്റെ അടിസ്ഥാനത്തിൽ നിയമസഭാ മന്ദിരത്തിലെ പ്രസ് റൂമിലിരുന്ന് സ്പീക്കർക്കെതിരെ അൺപാർലമെന്ററിയായിട്ട് സംസാരിച്ചു. അതിന്റെ പേരിൽ നടപടിയെടുക്കുന്നതാണ്. മാത്രവുമല്ല മേലിൽ നിയമസഭാ മന്ദിരത്തിലെ പ്രസ് റൂമിലിരുന്ന് സ്പീക്കറെ അവഹേളിക്കാനോ അബ്യൂസ് ചെയ്യാനോ ശ്രമിച്ചാൽ ഇവിടെ പത്രസമ്മേളനം നടത്താൻ അനുവദിക്കുന്നതല്ല. പത്രപവർത്തകർക്കോ ഫോട്ടോഗ്രാഫർമാർക്കോ ടി.വി. തുടങ്ങിയ മാദ്ധ്യമങ്ങൾക്കോ അവിടെ പ്രവേശനം അനുവദിക്കുന്നതല്ല.

(പ്രതിപക്ഷാംഗങ്ങൾ പേപ്പറുകൾ വലിച്ചുകീറി എറിഞ്ഞ് പ്രതിഷേധം പ്രകടിപ്പിക്കുകയും ബഹളമുണ്ടാക്കുകയും ചെയ്തു. ഈ അവസരത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയനുസരിച്ചുള്ള നടപടികളിലേയ്ക്ക് കടന്നു.)

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള മൂല്യവർദ്ധിത വില്പന നികുതി ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും

(ചർച്ച തുടർച്ച)

**2-ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേഗതികളും വാക്കാൽ ഭേദഗതികളും അവതരിപ്പിക്കുന്നു.

(1038) In clause 2,

(1) In sub –clause (xxxi) for the words and figures, “subsection (7) of section 12” , the words and figures, “subsection (8) of section 11” shall be substituted.

(2) In subclause (xxxii), for the words and figures, “section 18 or under section 50A; “ the words and figures, “section 19 or under section 46;” shall be substituted.

.

(1061) In subclause (iii) of clause 2, in item (ii) of the Explanation III, after the words, “ in respect of any sale,” the words, “where such cash discount is shown separately” shall be inserted.

വാക്കാൽ ഭേദഗതികൾ

(1) Clause 2 (ii), shall be redrafted as follows:

“(ii) “Agriculturist” means a person (not being a company or firm or society including a cooperative society or association of individuals whether incorporated or not) who cultivates land personally for the purpose of agriculture;”

(2) In clause 2 (xviii) for “sec: 2” substitute “section 2”.

മന്ത്രി അവതരിപ്പിച്ച 1038, 1061 എന്നീ ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതി കളും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**3 മുതൽ 5 വരെയുള്ള വകുപ്പുകൾ**

3 മുതൽ 5 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3 മുതൽ 5 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**6-ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

(1039) In clause 6,

(1) In the first proviso to subclause (1), for the words and figures. "Schedule IV", the words and figures, "in the Fourth Schedule" shall be substituted.

(2) In the second proviso to subclause (1), for the words and figures, "Schedule IV" the words and figures, "the Fourth Schedule" shall be substituted.

(3) In subclause (4), for the word, "exempt" the word, "exempted" shall be substituted.

(4) In subclause (5), for the words, "two percent of the taxable turnover", the words, "two percent of the turnover", shall be substituted.

(1062) In clause 6 (2), for the words, "who is not liable to tax under subsection(1)," the words, "other than a registered dealer" shall be substituted.

വാക്കാൽ ഭേദഗതി

In the proviso to subclause 6 of Clause 6 for the words " is exempt" and " be exempt", substitute the words "is exempted" and "be exempted" respectively.

മന്ത്രി അവതരിപ്പിച്ച 1039, 1062 എന്നീ ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**7-ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1063) For clause 7, the following clause shall be substituted, namely:

" 7. Trade discount etc. deemed to be sale in certain cases: Notwithstanding anything contained in any other provisions of this Act. where a dealer allows any trade discount or incentive in terms of quantity in goods in relation to any sale effected by him, the quantity so allowed as trade discount or incentive, shall be deemed to be a sale by the dealer, who allows such trade discount or incentive and a purchase by the dealer who receives such trade discount or incentive and such sale shall form part of the sale in relation to which such trade discount or incentive is allowed."

മന്ത്രി അവതരിപ്പിച്ച 1063-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**8-ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1040) In subclause (c) of Clause 8, for the words, “cooked food including”, the words, “cooked food and beverages including,” shall be substituted.

(1064) In Clause 8, the words, “ or section 7”, shall be omitted.

മന്ത്രി അവതരിപ്പിച്ച 1040, 1064 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**9-ാം വകുപ്പ്**

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

**10-ാം വകുപ്പ്**

**.ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):**

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

Clause 10(1), for the words "registered under Section 16" substitute the words "registered under Section 15".

ഭേദഗതി സഭ അംഗീകരിച്ചു..

ഭേദഗതി ചെയ്തപ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11–ാം വകുപ്പ്

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

(1041) In Clause 11, (1) in subclause (5) (e) for the wod and figures, "Schedules I and IV", the words, "the First Schedule and the Fourth Schedule" shall be substituted.

(2)In subclause (5) (f), for the word and figure," Schedule IV", the words, " the Fourth Schedule", shall be substituted.

(1065) In Clause 11,

(1) subclause (5) shall be omitted.

(2) in item (g) of subclause (5) for the word, "fuel," the words, "fuel in motor vehicles or vessels", shall be substituted.

<u>**വാക്കാൽ ഭേദഗതി**</u>

(1) Delete the word "who" appearing after the word and figure "section 6".

(2) for "make purchases" substitute " who makes purchases". .

മന്ത്രി അവതരിപ്പിച്ച 1041, 1065 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>**12–ാം വകുപ്പ്**</u>

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ):</u>** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1066) The existing Clause 12 shall be numbered as subclause (1) of that clause and

after subclause (1) so numbered, the following subclause shall be inserted,

namely:

"(2) Notwithstanding anything contained in section 11, but subject to the provisions of clause (h) of item (i) of subsection (6) thereof, where an industrial unit makes purchases during a return period, of petroleum products specified in the Fourth Schedule, other than petrol, diesel or aviation turbine fuel, for use otherwise than as fuel in motor vehicles or vessels, in the manufacture of goods, the tax paid on the purchase of such goods in excess of four percent shall be deducted from the tax payable for the return period."

മന്ത്രി അവതരിപ്പിച്ച 1066-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### 13-ാം വകുപ്പ്

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1042) In clause 13(1) (c) for the word and figure, "IV Schedule" , the words "Fourth

Schedule" shall be substituted.

മന്ത്രി അവതരിപ്പിച്ച 1042-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### 14-ഉം 15-ഉം വകുപ്പുകൾ

14-ഉം 15-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ഉം 15-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

### 16-ാം വകുപ്പ്

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

In clause 16 (7), for the words "continues to be valid" substitute the words "shall continue to be valid".

ഭേദഗതി .   സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള  16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**17 മുതൽ 21 വരെയുള്ള വകുപ്പുകൾ**

17 മുതൽ 21 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17 മുതൽ 21 വരെയുള്ള വകുപ്പുകൾ  ബില്ലിന്റെ ഭാഗമായി..

**22-ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1043) In clause 22(1) for the words, "best of judgement" , the words, "best of its judgement"  shall be substituted.

മന്ത്രി അവതരിപ്പിച്ച 1043-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള  22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**23-ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

**(1067)** In subclause (6) of clause 23, for the words, " the turnover reported, input tax credit or refund claimed, stock statement and goods," the words " the stock statement, goods or the turnover reported or the input tax credit or the refund claimed, " shall be substituted.

<u>വാക്കാൽ ഭേദഗതി</u>

In sub clause (4) of clause 23 for the words "audit officer" substitute the words "audit officers".

മന്ത്രി അവതരിപ്പിച്ച 1067-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>24 മുതൽ 28 വരെയുള്ള വകുപ്പുകൾ</u>**

24 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**<u>29-ാം വകുപ്പ്</u>**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ):</u>** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

**(1045)** In subclause (2) of Clause 29, for the word and figure, "section 76" the word and figure "section 75" shall be substituted.

<u>വാക്കാൽ ഭേദഗതി:</u>

In clause 29(2) for the word and figures "Section 76" substitute the word and figures "Section 75".

മന്ത്രി അവതരിപ്പിച്ച 1045-ാം നമ്പർ ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>30-ാം വകുപ്പ്</u>**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ):</u>** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു:

(1046) In subclause (2) of Clause 30, after the words, "presumptive tax", the words,

"under subsection (5) of section 6" shall be inserted.

(1068) In subclause (1) of Clause 30, the words, "and/or the rates notified by Government under section 7" shall be omitted.

മന്ത്രി അവതരിപ്പിച്ച 1046, 1068 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**31-ാം വകുപ്പ്**

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

**32-ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1047) In subclause (1) of Clause 32,

(i) for the words, "industrial units in respect" the words, "industrial unit in respect of" shall be substituted.

(ii) After the words, "Central Sales Tax Act, 1956," the brackets figures and words, "(Central Act 74 of 1956)" shall be inserted.

മന്ത്രി അവതരിപ്പിച്ച 1047-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**33 മുതൽ 41 വരെയുള്ള വകുപ്പുകൾ**

33 മുതൽ 41 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33 മുതൽ 41 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**42-ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

(1048) In Clause 42,

(a) in subclause (1), the figure and bracket "(1)" shall be omitted.

(b)subclause (2) shall be omitted.

വാക്കാൽ ഭേദഗതി

¨In Clause 42 (1) after the words, "Chartered Accountant" add the words, "Cost Accountant". .

മന്ത്രി അവതരിപ്പിച്ച 1048–ാം നമ്പർ ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 42–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 42–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**43 മുതൽ 45 വരെയുള്ള വകുപ്പുകൾ**

43 മുതൽ 45 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

43 മുതൽ 45 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**46–ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1049) After subclause (3) of Clause 46, the following subclause shall be inserted, namely:

"(4) No person shall transport within the State, across or beyond the notified

area or within two kilometres from the border area, by head load, or by animal

load, any consignment of notifed goods exceeeding such quantity, as may be

prescribed, unless he is in possession of the documents specified in subsection

(3)".

മന്ത്രി അവതരിപ്പിച്ച 1049–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 46–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 46–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 47 –ഉം 48–ഉം വകുപ്പുകൾ

47–ഉം 48–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

47–ഉം 48–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 49–ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): താഴെ പ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

In the proviso to Clause 49 (6)

(1) for "may admit an appeal" substitute "may admit an application for revision".

(2) for "applellant and " substitute "applicant and"

(3) for "filing the appeal" substitute "filing the revision petition".

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 49–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 49–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**50 മുതൽ 59 വരെയുള്ള വകുപ്പുകൾ**

50 മുതൽ 59വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

50 മുതൽ 59 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**60–ാം വകുപ്പ്**

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 1051–ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1051) In subclause (8) of Clause 60, for the words, "such a fee of rupees three hundred", the words, "a fee of rupees three hundred" shall be substituted.

മന്ത്രി അവതരിപ്പിച്ച 1051–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 60–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 60–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**61–ാം വകുപ്പ്**

61–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

61–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>62–ാം വകുപ്പ്</u>**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ):</u>** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1052) In subclause (1) of Clause 62, for the word and figure, "section 93," the word

and figure, "section 94" shall be substituted.

മന്ത്രി അവതരിപ്പിച്ച 1052–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 62–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 62–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>63–ാം വകുപ്പ്</u>**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ):</u>** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1069) In subclause (11) of Clause 63, for the words, figure and brackets, "or in a

review under subsection (7)" the words, figure and brackets, "or in a review

under subsection (8)" shall be substituted.

മന്ത്രി അവതരിപ്പിച്ച 1069–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 63–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 63-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>64 മുതൽ 66 വരെയുള്ള വകുപ്പുകൾ</u>**

64 മുതൽ 66 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

64 മുതൽ 66 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**<u>67-ാം വകുപ്പ്</u>**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1053) In subsection (1) of section 67, before the proviso, for the words, "not exceeding fifty thousand" the words, "not exceeding twentyfive thousand" shall be substituted.

മന്ത്രി അവതരിപ്പിച്ച 1053-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

**<u>68 മുതൽ 85 വരെയുള്ള വകുപ്പുകൾ</u>**

68 മുതൽ 85 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

68 മുതൽ 85 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**<u>86-ാം വകുപ്പ്</u>**

.**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

In subclause (1) (c) of Clause 86, after the words "Chartered Accountant" add the words "or a Cost Accountant" .

ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 86–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 86–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**87 മുതൽ 90 വരെയുള്ള വകുപ്പുകൾ**

87 മുതൽ 90 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

87 മുതൽ 90 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**91–ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1054) In Clause 91, for the words and figures, "subsection (5) of section 32", the
words and figures, "subsection (5) of section 31" shall be substituted.

മന്ത്രി അവതരിപ്പിച്ച 1054–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 91–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 91–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**92–ാം വകുപ്പ്**

92–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

92–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**93–ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1055) In Clause 93,

(a) in subclause (1), for the words, "by notification in the Gazette amend", the words, "by notification in the Gazette add, omit or amend" shall be substituted.

(b) in subclause (2), for the words, "to give effect to the amendment" the words "to give effect to the addition, omission or amendment" shall be substituted.

മന്ത്രി അവതരിപ്പിച്ച 1055–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 93–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 93–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**94 മുതൽ 97 വരെയുള്ള വകുപ്പുകൾ**

94 മുതൽ 97 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

94 മുതൽ 97 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**98–ാം വകുപ്പ്**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1056) In the second proviso to Clause 98, for the word and figure, "section 33",

the word and figure "section 32" shall be substituted.

മന്ത്രി അവതരിപ്പിച്ച 1056-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 98-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 98-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഒന്നാം പട്ടിക**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1057) In the First Schedule, against serial No. 20, for the word, "Ginger", the words,

"Green Ginger" shall be substituted.

(1070) In the First Schedule, under serial No. 43, in item 2, before the word, "cigars",

the word "Beedi" shall be entered.

മന്ത്രി അവതരിപ്പിച്ച 1057, 1070 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം പട്ടിക ബില്ലിന്റെ ഭാഗമായി.

**<u>രണ്ടാം പട്ടിക</u>**

രണ്ടാം പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം പട്ടിക ബില്ലിന്റെ ഭാഗമായി.

**<u>മൂന്നാം പട്ടിക</u>**

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ):</u>** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1058) In the Third Schedule,

(a) against sub entry 32 of serial No.29, for the words "if cast iron" the words "off

cast iron" shall be substituted.

(b) against sub entry 6 of serial No.69, for the words "dry Ginger" the words "Dried

ginger" shall be substituted.

(1071) In the Third Schedule, under column (2) of serial No.25,

(a) against sub entry (1), under column (2) of serial No.25 the following

entries shall be omitted, namely –

"rice (Oryza Sativa L);

(iii) wheat (Triticum vulgare, T. compactum, t.

sphaerococcum, T.durum, T.aestivum, L.T.discoccum)"

(b) against subentry (8), before the words, "that is to say the fibre", the word,

"Jute"

shall be inserted.

(c) against serial No. 58, under column (3) for the entry “pulses”, the entry “pulses

other than declared goods”, shall be substituted.

(d) under serial No.79, the words, “HSN Code is ‘nature of origin’ basis while we

require classification on ‘nature of use’ basis” shall be omitted.

(e) under the heading “PART A” against serial No.53, under column (3) for the words, “Titanium Oxide”, the words, “Titanium dioxide” shall be substituted.

മന്ത്രി അവതരിപ്പിച്ച 1058, 1071 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം പട്ടിക ബില്ലിന്റെ ഭാഗമായി.

## നാലാം പട്ടിക

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു..

(1072) For the Fourth Schedule, the following schedule shall be substituted, namely :

## FOURTH SCHEDULE

Goods in respect of which tax is leviable at first point of sale under subsection (1) of section 6 (outside VAT)

| Sl.No. | subentry | Description of goods | Rate of tax in percent |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | Petroleum products, | | |
| | 1 | Aviation Turbine Fuel | 34 |
| | 2 | Compressed natural gas | 28 |
| | 3 | High speed Diesel oil | 24 |
| | 4 | Kerosene distributed other than through Public Distribution System (PDS) | 20 |
| | 5 | Motor spirit (including light diesel oil but excluding petrol, aviation turbine fuel and high speed diesel oil) | 41 |
| | 6 | Naphtha | 22 |
| | 7 | Petrol other than Naphtha | 28 |
| | 8 | Other petroleum products not elsewhere mentioned in the Schedule or in the Third Schedule | 30 |
| | 9 | LPG | 16 |
| | 10 | Lubricating oil, Grease, Break Fluid, transformer Oil and other quenching Oils | 24 |

2 Foreign Liquor,

| | | |
|---|---|---|
| 1 | Beer and Wine | 60 |
| 2 | Other than Beer and Wine | 90 |

3 Ganja and Opium 85”.

മന്ത്രി അവതരിപ്പിച്ച 1072-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം പട്ടിക ബില്ലിന്റെ ഭാഗമായി.

**അഞ്ചാം പട്ടിക**

**_ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു..

(1060) In the Fifth Schedule, for the words and figures, “Goods not coming under Schedule I to IV”, the words and figures, “Goods not coming under the First Schedule to the Fourth Schedule” shall be substituted.

മന്ത്രി അവതരിപ്പിച്ച 1060-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം പട്ടിക ബില്ലിന്റെ ഭാഗമായി.

തത്വപ്രഖ്യാപന വാക്യവും ഒന്നാം വകുപ്പും പീഠികയും പേരും

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** താഴെ പ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1037) In the long title for the words, “An Act”, the words, “A Bill” shall be

substituted.

മന്ത്രി അവതരിപ്പിച്ച 1037-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള തത്വപ്രഖ്യാപന വാക്യവും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള തത്വപ്രഖ്യാപന വാക്യവും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള മൂല്യ വർദ്ധിത വിൽപ്പന നികുതി ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ):** പ്രമേയത്തെ പിൻതാങ്ങുന്നു.

**പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്.അച്ചുതാനന്ദൻ):** ബില്ലിനെ ശക്തിയായി എതിർക്കുന്നു. വാല്യൂ ആഡഡ് ടാക്സ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കും. ഈ നിയമം നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തിന് ഉണ്ടാകാവുന്ന നഷ്ടം കേന്ദ്ര സർക്കാർ തന്നെ നികത്തുമെന്നുള്ള അവരുടെ വാഗ്ദാനം ആശ്വാസമായി കരുതിയാൽ കേരള ഗവൺമെന്റ് വഞ്ചിക്കപ്പെടുമെന്നതിന് യാതൊരു സംശയവുമില്ല. പുകയില, ടെക്സ്റ്റയിൽസ്, പഞ്ചസാര തുടങ്ങിയ ഉല്പന്നങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയിരുന്ന സെയിൽസ് ടാക്സ് പിൻവലിച്ച് കേന്ദ്ര ഗവൺമെന്റ് അഡീഷണൽ എക്സൈസ് ഡ്യൂട്ടി ചുമത്തിയപ്പോൾ നൽകിയിരുന്ന വാഗ്ദാന ലംഘനത്തിലൂടെ 1956-57 മുതൽ പ്രതിവർഷം 2800 കോടിയോളം രൂപ നഷ്ടപ്പെടുന്നുവെന്ന കാര്യം വിസ്മരിക്കരുത്. ഈ നിയമം നടപ്പിലാക്കുമ്പോൾ ചെറുകിട വ്യാപാരികൾക്ക് ഭീമമായ നഷ്ടം ഉണ്ടാകും. വാല്യു ആഡഡ് ടാക്സ്

സംസ്ഥാനത്തിന്റേയും ജനങ്ങളുടേയും താൽപര്യങ്ങൾക്ക് കടകവിരുദ്ധമാണ്. അതുകൊണ്ട് ഇത് അംഗീകരിക്കരുത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഈ നിയമം നടപ്പിലാക്കിയാൽ വലിയ സാമ്പത്തിക നഷ്ടമുണ്ടാകുമെന്ന് മനസ്സിലാക്കിക്കൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടി ഈ ബില്ലിനെ ഗവൺമെന്റ് കാണണം. ഈ ഗവൺമെന്റ് കേരളത്തെ എ.ഡി.ബി.ക്ക് പണയപ്പെടുത്തരുത്. ഇത്തരമൊരു നിയനിർമ്മാണവുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ശേഷിച്ച സഭാനടപടികൾ ബഹിഷ്ക്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ
തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ)** : വാല്യൂ ആഡഡ് ടാക്സ് നടപ്പിലാക്കുമ്പോഴുണ്ടാകുന്ന നഷ്ടം നികത്തിത്തരാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കുമ്പോൾ ഗുണവും ദോഷവു മുണ്ടാകും. ഈ ടാക്സ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ കൺസ്യൂമറിൽനിന്നും വാങ്ങുന്ന നികുതി മുഴുവൻ കച്ചവടക്കാരിൽനിന്നും പിരിച്ചെടുക്കുന്നതാണ്. ബീഡി വ്യവസായത്തെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തി ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള മൂല്യവർദ്ധിത വിൽപന നികുതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു .

ബിൽ സഭ പാസ്സാക്കി.

സഭ രാവിലെ 10.35-ന് പിരിഞ്ഞു.